8. മതസൗഹാർദ്ദം പരിപോഷിപ്പിക്കുക.

9. ജീവിതമൂല്യങ്ങളും സനാതനമൂല്യങ്ങളും ഉയർത്തിക്കാട്ടുകയും അവ പ്രചരിപ്പിക്കാൻ പ്രേരണ നൽകുകയും ചെയ്യുക.

10. ദേശീയോദ്ഗ്രഥനം നിലനിർത്താനും ശക്തിപ്പെടുത്താനും പരിശ്രമിക്കുക.

11. യുവജനങ്ങളുടെ സാഹസികവും ധീരവുമായ പ്രവർത്തനങ്ങളെ പ്രോൽസാഹിപ്പിക്കുക.

(ബി) ഉണ്ട്.

(സി) ഉദിക്കുന്നില്ല.

പുതിയ പാലം പണി

* 145 [147] ശ്രീ. ടി.കെ. ഹംസ:

ശ്രീമതി കെ.ആർ. ഗൗരി:

ശ്രീ. എൻ. ചന്ദ്രശേഖരക്കുറുപ്പ്:

,, എസ്. ഗോവിന്ദക്കുറുപ്പ്:

,, ടി.കെ. അബ്ദു: താഴെ കാണുന്ന ചോദ്യത്തിന് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സാങ്കേതിക വർഷത്തിൽ പുതിയ പാലങ്ങളുടെ പണി ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ):

ഉണ്ട്.

ജസ്റ്റിസ് നാരായണ പിള്ള കമ്മീഷൻ

* 146 [148] ശ്രീ. പി.എം. അബൂബക്കർ:

,, കൊരമ്പയിൽ അഹമ്മദ് ഹാജി:

,, പി.കെ. കുഞ്ഞാലിക്കുട്ടി:

,, പി. സീതിഹാജി:

,, കെ.പി.എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പിന്നോക്ക സമുദായങ്ങൾക്ക് കുമാരപിള്ള കമ്മീഷൻ നിശ്ചയിച്ച സംവരണാനുകൂല്യത്തെക്കുറിച്ചും മറ്റും റിവ്യൂ ചെയ്യുന്നതിന് നിയോഗിച്ച ജസ്റ്റിസ് നാരായണ പിള്ള കമ്മീഷൻ റിപ്പോർട്ട് എന്ന് നൽകാനാണ് ഗവൺമെൻറ് ആവശ്യപ്പെട്ടിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കമ്മീഷനിലെ അംഗങ്ങൾ ആരെല്ലാം?

(സി) ഇതിന്റെ ടേംസ് ഓഫ് റഫറൻസ് എന്തെന്ന് വ്യക്തമാക്കുമോ?

(ഡി) കമ്മീഷന് ആവശ്യമായ സ്റ്റാഫിനെ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രപേർ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): (എ) 23–5–1985–ൽ കമ്മീഷൻ നിലവിൽ വന്നു. 22–5–1987 നുള്ളിൽ റിപ്പോർട്ട് നൽകാനാണ് ആവശ്യപ്പെട്ടിട്ടുള്ളത്.

(ബി) കമ്മീഷനിലെ അംഗങ്ങൾ താഴെ പറയുന്നവരാണ്.

1. ബഹുമാനപ്പെട്ട ജസ്റ്റിസ് പി. നാരായണപിള്ള (റിട്ടയേർഡ്)—ചെയർമാൻ

2. ശ്രീ. പി. ടി. മത്യു (റിട്ടയേർഡ് ഡിസ്ട്രിക്ട് ജഡ്ജി)

3. ശ്രീ. പി.എഫ്. തോമസ് (അഡ്വക്കേറ്റ്)

4. ശ്രീ. എ. ഇസ്സുദ്ദീൻ (അഡ്വക്കേറ്റ്)

5. ശ്രീ. പി. വിജയൻ (റിട്ടയേർഡ് ഡയറക്ടർ ജനറൽ ഓഫ് പോലീസ്)—മെമ്പർ സെക്രട്ടറി

(സി) കുമാരപിള്ള കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇപ്പോഴത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിലവിലുള്ള സീറ്റു സംവരണാനുകൂല്യങ്ങളെപ്പറ്റിയും, ആ ആനുകൂല്യങ്ങൾ വിവിധ ജനവിഭാഗങ്ങളുടെ സാമ്പത്തികവും, സാമൂഹികവുമായ നിലവാരത്തിൽ എന്തുമാത്രം ഫലം ഉണ്ടാക്കിയിട്ടുണ്ട് എന്നതിനെപ്പറ്റിയും അന്വേഷിച്ച് താഴെ പറയുന്ന കാര്യങ്ങളെപ്പറ്റി റിപ്പോർട്ട് സമർപ്പിക്കുക എന്നതാണ് കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസ്.

1. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പാലിക്കേണ്ട സീറ്റു സംവരണ സമ്പ്രദായമെന്തായിരിക്കണം, സംവരണമെത്രമാത്രമായിരിക്കും, ഏതെല്ലാം കോഴ്സുകളിൽ നൽകണം, അതെത്ര കാലം വേണം എന്നീ കാര്യങ്ങൾ.

കമ്മീഷൻ ഈ കാര്യങ്ങളിൽ ശുപാർശ സമർപ്പിക്കുമ്പോൾ ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതി ഒ.പി. നമ്പർ 3890/77, 6783/81–എ എന്നീ കേസുകളിൽ നടത്തിയ പരാമർശങ്ങൾകൂടി കണക്കിലെടുക്കേണ്ടതാണ്.

2. കേരളാ യൂണിവേഴ്സിറ്റിയുടേയും കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെയും കീഴിലുള്ള പ്രൊഫഷണൽ കോളേജുകളിൽ അഡ്മിഷൻ, പരീക്ഷ മുതലായവയുടെ നടത്തിപ്പിൽ കണ്ട ക്രമക്കേടുകളെ സംബന്ധിച്ച് അന്വേഷണം നടത്തിയ എം.പി. മേനോൻ കമ്മീഷൻ അതിന്റെ റിപ്പോർട്ടിൽ നൽകിയിരിക്കുന്ന നിർദ്ദേശങ്ങൾ പരിഗണിച്ച് സീറ്റുസംവരണം അതിനർഹരായവർക്ക് മാത്രമേ ലഭിക്കുന്നുള്ളൂവെന്ന് ഉറപ്പ് വരുത്താനുള്ള നടപടികൾ എന്തൊക്കെയായിരിക്കണം.

3. സാമൂഹികമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്ന വിഭാഗക്കാർക്ക് മാത്രം നൽകിവന്നിരുന്നതും പിന്നീട് മുന്നോക്ക വിഭാഗക്കാർക്കുകൂടി വ്യാപിപ്പിച്ചതുമായ സാമ്പത്തികാനുകൂല്യങ്ങൾ പരിഷ്കരിക്കേണ്ടതുണ്ടോ? ഉണ്ടെങ്കിൽ എപ്രകാരം.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഉണ്ട്. ആകെ 19 പേർ. അതു താഴെ പറയും വിധമാണ്.

| | |
|---|---|
| ജോയിൻറ് സെക്രട്ടറി | 1 |
| ഡെപ്യൂട്ടി സെക്രട്ടറി | 1 |
| സെക്ഷൻ ഓഫീസർ | 2 |
| അസിസ്റ്റൻറ്സ് | 4 |
| കോൺഫിഡൻഷ്യൽ അസിസ്റ്റൻറ്സ് | 4 |
| ടൈപ്പിസ്റ്റ് | 1 |
| പ്യൂൺസ് | 4 |
| വാച്ച്മാൻ | 1 |
| ഡ്രൈവർ | 1 |

പ്രൊട്ടക്റ്റഡ് അദ്ധ്യാപകർ

*147 [149] ശ്രീ. കെ.കെ. രാമചന്ദ്രൻമാസ്റ്റർ:

,, പി.പി. തങ്കച്ചൻ:

,, മണിമംഗലത്തു കുട്ട്യാലി:

,, എ.സി. ജോസ്:

,, ടി.എച്ച്. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു പ്രൊട്ടക്റ്റഡ് അദ്ധ്യാപകരായി എത്ര പേരുണ്ട്; അവർക്കു വേണ്ടി ശമ്പളം തുടങ്ങിയ ഇനങ്ങളിൽ എത്ര തുക ചെലവഴിക്കുന്നുണ്ട്;

(ബി) ഇത്തരം അദ്ധ്യാപകരെ ഒഴിവുള്ള സ്കൂളുകളിൽ നിയമിച്ചതിനുശേഷം മാത്രമേ പുതിയ നിയമനം നടത്താവൂ എന്നു തീരുമാനിക്കുമോ?

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. ടി.എം. ജേക്കബ്):

(എ) 24-9-1985-ലെ കണക്കനുസരിച്ച് അയ്യായിരത്തി എഴുപത്തിരണ്ടു പ്രൊട്ടക്റ്റഡ് അദ്ധ്യാപകരുണ്ട്. അവർക്കായി ഏകദേശം ഒൻപത് കോടിയിൽപരം രൂപ ചെലവാക്കുന്നുണ്ട്. ഈ വർഷം പ്രൊട്ടക്റ്റഡ് അദ്ധ്യാപകരുടെ സംഖ്യയിൽ ഗണ്യമായ കുറവു വരുത്തുവാൻ സാദ്ധ്യതയുണ്ട്.

(ബി) സർക്കാർ സ്കൂളുകളിൽ ഉണ്ടാകുന്ന ഒഴിവുകളിലും പ്രൊട്ടക്റ്റഡ് അദ്ധ്യാപകരെ നിയമിച്ച മാനേജുമെൻറുകളുടെ സ്കൂളുകളിൽ ഉണ്ടാകുന്ന ഒഴിവുകളിലും പ്രൊട്ടക്റ്റഡ് അദ്ധ്യാപകരെ നിയമിക്കണമെന്ന ഉത്തരവ് നിലവിലുണ്ട്. കൂടാതെ പുതിയ വിദ്യാലയങ്ങൾ അനുവദിക്കുന്നതിനും വിദ്യാലയങ്ങൾ അപ്ഗ്രേഡ് ചെയ്യുന്നതിനുമുള്ള ഒരു വ്യവസ്ഥ, മാനേജുമെൻറുകൾ തൻമൂലമുണ്ടാകുന്ന ഒഴിവുകളിൽ 20% പ്രൊട്ടക്റ്റഡ് അദ്ധ്യാപകരെ നിയമിക്കണമെന്നതാണ്. ഇതു സംബന്ധിച്ച് മാനേജുമെൻറുകൾ ഒരു കരാർ എഴുതി തരേണ്ടതുണ്ട്. കരാറിൽ പറയുന്നതിൽ കൂടുതൽ പ്രൊട്ടക്റ്റഡ് അദ്ധ്യാപകരെ നിയമിക്കണമെന്ന് ആവശ്യപ്പെട്ടാൽ മാനേജുമെൻറുകൾ അതു നിയമപരമായി അനുസരിക്കാൻ ബാദ്ധ്യസ്ഥരല്ല.



LIBRARY ARCHIVES Kerala Legislative Assembly